"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയുടെ ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും വായ്പ എടുക്കുന്നതിന് വരുമാന തിരിച്ചടവ് വ്യവസ്ഥയോടെ വടകര നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2276/2025/LSGD തീയതി,തിരുവനന്തപുരം, 20-09-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം. 147/2009/ത.സ്വ.ഭ.വ. തീയതി 29/07/2009
2. സ.ഉ.(സാധാ) നം. 1573/2020/ത.സ്വ.ഭ.വ. തീയതി 24/08/2020
3. കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ 06/09/2024 ലെ KURDFC/ULB/408/2019 നമ്പർ കത്ത്
4. വടകര നഗരസഭ ഭരണ സമിതിയുടെ 13/09/2024 ലെ 14/-ാം നമ്പർ തീരുമാനം
5. വടകര നഗരസഭ സെക്രട്ടറിയുടെ 28/09/2024 ലെ E3-24042/04(എ) നമ്പർ കത്ത്
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23/04/2025 ലെ LSGD/PD/40597/2024-DPLD3 നമ്പർ കത്ത്
7. വടകര നഗരസഭ ഭരണ സമിതിയുടെ 08/08/2025 ലെ 7-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയുടെ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും 9,16,80,558 രൂപ വായ്പ എടുക്കുന്നതിന് **പരാമർശം (2)** പ്രകാരം ഉത്തരവായിരുന്നു. 9,16,80,558 രൂപ (**ഒൻപതു കോടി പതിനാറ് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്റി അൻപത്തി എട്ട് രൂപ മാത്രം**) വായ്പ എടുത്തിട്ടുള്ളതിൽ വിവിധ ഘട്ടങ്ങളിലായി 7,26,87,636/- രൂപ കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും നഗരസഭയ്ക്ക് ലഭിച്ചിരുന്നു. ബാക്കി തുകയ്ക്കുള്ള പ്രവൃത്തികൾ നടന്നുവരുന്നതാണെന്നും പദ്ധതി പൂർത്തീകരണ നിലയിൽ എത്തിയിരിക്കുകയാണെന്നും ഇന്റീരിയർ പണികൾ ഉൾപ്പെടെ

പൂർത്തിയാക്കി കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് 7 **കോടി രൂപ** അധിക വായ്പ എടുക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാക്കണമെന്നും, വടകര നഗരസഭ പരാമർശം (4) പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വടകര നഗരസഭയുടെ ഓഫീസ് കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്നും അധികവായ്പയായി 7 കോടി രൂപ വായ്പ എടുക്കുന്നതിനായി വടകര നഗരസഭ സെക്രട്ടറി പരാമർശം (5) പ്രകാരം സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ച അപേക്ഷ പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള അനുബന്ധ രേഖകൾ സഹിതം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (6) പ്രകാരം സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തിക ഭദ്രത ഉറപ്പു വരുത്താനാകാത്ത കോവിഡ് അനന്തര സാഹചര്യത്തിൽ ടി പദ്ധതിയുടെ വരുമാന ദായക സാധ്യതയിൽ ഭരണ സമിതി തീരുമാനം എടുത്തു സർക്കാരിലേക്ക് അപേക്ഷ നൽകിയ സാഹചര്യം പരിഗണിച്ചു കൊണ്ട് പരാമർശം (1) ൽ നിഷ്കർഷിച്ചിട്ടുള്ള രേഖകൾ ഹാജരാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിലും, വായ്പയും പലിശയും തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയാണെങ്കിൽ വടകര നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ബാങ്കിന് നൽകാവുന്നതാണെന്നുള്ള പരാമർശം (7) ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, വായ്പ അനുവദിക്കാമെന്നുള്ള കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടറുടെ പരാമർശം (3) സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലും, നിർമ്മാണം നടത്തുന്ന ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും ലഭ്യമാവുന്ന ഡെപ്പോസിറ്റ്, വാടക എന്നിവ ലോൺ തിരിച്ചടവിനു വേണ്ടി മാത്രം വിനിയോഗിക്കണം എന്ന വ്യവസ്ഥയോടെ ; പരാമർശം (1) പ്രകാരമുള്ള സർക്കാർ വ്യവസ്ഥകൾക്ക് വിധേയമായി കോഴിക്കോട് ജില്ലയിലെ വടകര നഗരസഭയുടെ ഓഫീസ് കം- ഷോപ്പിഗ് കോംപ്ലക്സ് നിർമ്മാണത്തിനായി കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന്**7,00,00,000/- (ഏഴു കോടി രൂപ മാത്രം) 9% പലിശ നിരക്കിൽ 10 വർഷത്തെ തിരിച്ചടവ് കാലയളവിൽ** വായ്പ എടുക്കുന്നതിന് വടകര നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡീഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
സെക്ഷൻ ഓഫീസർ
Date: 22-09-2025 11:31:49

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
2. സെക്രട്ടറി, വടകര നഗരസഭ,കോഴിക്കോട് ജില്ല
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ&ഇ) തിരുവനന്തപുരം
4. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്. ഐ & പി ആർ ഡി

6. കരുതൽ ഫയൽ (ഡി.ബി1/179/2025/എൽ.എസ്.ജി.ഡി)